VOL. 7 • ISSUE 1 • JANUARY 2013

# സെന്റ് ജോൺസ് വോയ്സ്

A NEWS LETTER OF ST. JOHN'S HOSPITAL, KATTAPPANA



# ഏഴാം ചരമവാർഷികം

(21. 11. 2012)



## ബ്രദർ ഫോർത്തുനാത്തൂസ് താൻഹൊയ്സർ

(27. 02. 1918 – 21. 11. 2005)

ഭാരതത്തിൽ സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസ സമൂഹത്തിന്റെയും സന്യാസിനീസമൂഹത്തിന്റെയും വിവിധ സെന്റ് ജോൺ ഓഫ് ഗോഡ് സ്ഥാപനങ്ങളുടെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും ഉപജ്ഞാതാവും മാർഗ്ഗദർശിയും.

# പ്രകാശ രശ്മികൾ...

സെന്റ് ജോൺസ് വോയ്സ്
വാർത്താപത്രിക

Vol. 7 • Issue 1
January 2013

PRIVATE CIRCULATION ONLY

**ST. JOHN'S HOSPITAL**
**KATTAPPANA SOUTH P.O.**
**IDUKKI DT., KERALA**

Tel: 04868 - 272230, 273230
Fax : 251700

E-mail: mail@stjohns.co.in
www.stjohns.co.in

ചീഫ് എഡിറ്റർ
**ബ്രദർ പയസുകുട്ടി ഒ.എച്ച്.**

എഡിറ്റർ
**ശ്രീ. ജോസ് പുതുപ്പറമ്പിൽ**

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ
**ബ്ര. പ്രകാശ് O.H.**
**ശ്രീ. എം. എം. ജോസഫ്**
(സെന്റ് ജോർജ് എച്ച്. എസ്. എസ്.)
**ഡോ. മാത്യു ജേക്കബ്ബ്**
**സി. റോസി ജോസഫ് S.C.J.G.**

DTP
St. John's Communications
Kattappana

Layout & Printing
S.R. Graphics, Kottayam
Tel : 0481 - 2301142



രക്ഷകന്റെ പിറവി ലോകത്തെ മുഴുവൻ പ്രകാശിപ്പിച്ചു. അത് ഒരു പുതുയുഗത്തിന് തുടക്കംകുറിച്ചു. മാനവചരിത്രത്തെ രണ്ടായി കീറിമുറിച്ചുകൊണ്ടുള്ള രക്ഷകന്റെ വരവ് എല്ലാവരിലും ഇന്നും അത്ഭുതമുളവാക്കുന്ന ഒരു വസ്തുതയാണ്. ഒരു പുതിയ മനുഷ്യനാകാനുള്ള വിളിയാണ് രക്ഷകന്റെ പിറവി. രക്ഷാനുഭവത്തിലൂടെ ആർജ്ജിച്ചെടുത്ത നവചൈതന്യം തുളുമ്പുന്ന മനസ്സുമായി പുതുവർഷത്തിലേക്ക് നാം കാലെടുത്തുകുത്തുമ്പോൾ നന്മയുടെ പ്രകാശ കിരണങ്ങൾ നമ്മിൽ നിന്നും പുറപ്പെടുവിക്കാൻ നമുക്കു കഴിയട്ടെ നമ്മിലെ പഴയ മനുഷ്യനെ ദൂരെയെറിഞ്ഞ് പുതിയ മനുഷ്യനെ ധരിക്കാനുള്ള ആഹ്വാനമാണ് ഈ പുതുവർഷം.

ഒട്ടേറെ പ്രതീക്ഷകളുമായാണ് എല്ലാവരും പുതുവർഷത്തെ എതിരേൽക്കുന്നത്. എല്ലാവരും ആഗ്രഹിക്കുന്നത് ജീവിതത്തിൽ നല്ലകാര്യങ്ങൾ സംഭവിക്കണം. എനിക്ക് നല്ലതുവരണം എന്നൊക്കെയാണ്, മോശമായത് തനിക്ക് സംഭവിക്കണമെന്ന് ആരും ആഗ്രഹിക്കുന്നില്ല. എന്നിട്ടും എന്തുകൊണ്ട് അസ്വസ്ഥതകൾ പെരുകുന്നു. കാരണം എല്ലാവരും ആഗ്രഹിക്കുന്നത് അവരവരുടെ നന്മയും വിജയവും നേട്ടവും സുഖവും മാത്രമാണ്. എന്റെ വിജയം, എന്റെ അഭിവൃദ്ധി, എന്റെ നേട്ടം, എന്റെ സുഖം, അതിനുവേണ്ടി ഞാൻ എന്തും ചെയ്യും എന്ന മനോഭാവത്തോടെ ജീവിക്കുന്നവർ ഈ പുതുവർഷത്തിലും സമൂഹത്തിനും രാജ്യത്തിനും വെല്ലുവിളികൾ സൃഷ്ടിക്കും. സ്വാർത്ഥതയും അഹങ്കാരവും സ്പർദ്ധയും മാത്സര്യവും കോപവും തൻമയത്വവും സുഖഭോഗാസക്തികളുമെല്ലാം സമൂഹത്തെ അനുദിനം കളങ്കപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഓരോരുത്തരും മറ്റൊരാളുടെ ചെലവിൽ ലാഭം കൊയ്യണമെന്നു തോന്നുമ്പോൾ അല്ലെങ്കിൽ മറ്റൊരാളുടെ നാശത്തിൽനിന്നു മാത്രമേ തനിക്കുയർച്ചയുള്ളു എന്നു തോന്നുമ്പോഴാണ് ഈ ആപത്തുണ്ടാവുക. അതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ പറയുന്നത് "ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽ പോരാ മറിച്ച് മറ്റുള്ളവരുടെ താത്പര്യംകൂടി പരിഗണിക്കണം" (ഫിലി 2 -4) എന്ന്. ദുർബലരെയും കഴിവു കുറഞ്ഞവരെയുംകൂട്ടി മുന്നേറുമ്പോഴാണ് സമൂഹത്തിന്റെ വിജയത്തിന് തിളക്കം കൂടുക. തനിക്കും മറ്റുള്ളവർക്കും നന്മ കൈവരണമെന്ന് ഓരോരുത്തരും ആഗ്രഹിക്കുകയും ആത്മാർത്ഥമായി അതിനായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ പുതിയ വർഷം മനോഹരമായ അനുഭവമായി മാറും.

രക്ഷകന്റെ പിറവിയിലൂടെ നാം ഏറ്റുവാങ്ങിയ പ്രകാശ കിരണങ്ങൾ നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കാൻ ഈ പുതുവർഷത്തിൽ നമ്മെ പ്രാപ്തരാക്കട്ടെ. ഏവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**ബ്രദർ പയസുകുട്ടി ഒ. എച്ച്.**
ചീഫ് എഡിറ്റർ

# രക്ഷയുടെ വാതിൽ

**സിസ്റ്റർ സിസി മരിയ**
പ്രൊഫസർ കോളേജ് ഓഫ് നഴ്സിംഗ്

ഋതുചക്രം ഹിമധാര ചൊരിയുന്ന രണ്ടായിരത്തിലധികം വർഷങ്ങൾക്കു മുമ്പുള്ള ഒരു ധനുമാസരാവിന്റെ മദ്ധ്യയാമത്തെക്കുറിച്ചുള്ള ഓർമ്മ ഇന്നും എന്നും നമുക്ക് ആനന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും ഒപ്പം അവർണ്ണനീയവും അവാച്യവുമായ കാര്യങ്ങളുടെ (2 കോറി. 12:2) അനുഭവങ്ങൾ നമുക്കു പകർന്നുതരുന്നു.

ഒട്ടേറെ സ്വപ്നങ്ങളും ദർശനങ്ങളും വാഗ്ദാനങ്ങളും സാക്ഷാത്ക്കരിക്കപ്പെട്ട രാവാണത്. കാരണം ആദിപാപത്തിന്റെ വിത്തുകൾക്ക് വളമേകുന്ന ഇന്നിന്റെ ഇരുളിനെ തകർക്കാൻ കിഴക്ക് വാനിൽ നീതിസൂര്യൻ ഉദിച്ചുയർന്നത് അന്നാണല്ലോ. രാപ്പാടികളുടെ ഗാനമധുരിമയിൽ ഹർഷപുളകിതയായി മയങ്ങികിടക്കുന്ന ധരയെ ഒട്ടും ശല്യപ്പെടുത്താതെ വളരെ സൗമ്യരായി ഇരുളിനെ വകവയ്ക്കാതെ ഭൂമിയിൽ അല്പം ഇടം തേടി അലയുകയാണ്. സർവ്വപ്രപഞ്ചത്തിന്റെയും സ്രഷ്ടാവിന് ഭൂമിയിൽ ഇമ്പമേകാൻ അവർ ഈറ്റുനോവിന്റെ നൊമ്പരവും പേറി വാതിലുകൾ മാറി മാറി മുട്ടുമ്പോഴും നിരാശപ്പെടാതെ പരിത്യക്തതയുടെ പരാതികളില്ലാതെ അവർ നടന്നുനീങ്ങുന്നു. കൊട്ടിയടക്കപ്പെടുന്ന വാതിലുകളുടെ ഭീകരശബ്ദം മാത്രമേ ആ രാവിന്റെ നിശബ്ദതയെ ഹനിക്കുന്നുള്ളൂ. കണ്ണീർകണങ്ങൾ കുപ്പിയിൽ ശേഖരിക്കയും അലച്ചിലുകൾ എണ്ണുകയും ചെയ്യുന്നവന്റെ കണക്കുപുസ്തകത്തിൽ ഏറെ പേജുകൾ നിറഞ്ഞതും അന്നു തന്നെയായിരിക്കണം. മുന്നിൽ പ്രത്യാശയുടെ വാതിലുകൾ ഓരോന്നായി കൊട്ടിയടക്കപ്പെടുമ്പോഴും ഇവയ്ക്ക് ഒന്നും രക്ഷകന്റെ വരവിനെ തടഞ്ഞുനിർത്താനായില്ല. കൊട്ടിയടക്കപ്പെടുന്ന വാതിലുകളുടെ മുന്നിൽ നിൽക്കേണ്ടിവരുന്ന മനുഷ്യന്റെ നിസ്സാഹായത അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവൻ അനുഭവിക്കേണ്ടിവന്നു. അതുകൊണ്ടായിരിക്കണം വാതിലുകൾ നൽകുന്ന സുരക്ഷിതത്വം വിട്ട് ഉപേക്ഷിച്ച് വയലുകളിൽ ആടുകളുടെ കാവലായിരുന്നവരുടെ അടുത്തേക്ക് രക്ഷാസന്ദേശം ആദ്യമായി എത്തിച്ചേർന്നതും. കൊട്ടിയടയ്ക്കപ്പെടുന്ന വാതിലുകൾക്കു മുന്നിലായി തുറക്കപ്പെടുന്ന വിശാലമായ വാതിലാണ്. അവൻ രക്ഷയിലേക്കുള്ള ഏകവാതിലും ഒരിക്കലും അടയാത്തതും ആർക്കും അടയ്ക്കുവാൻ സാധിക്കാത്തതുമായ വാതിലും (റോമ. 3:8) ആ വാതിലാകുവാൻ വാതായനങ്ങളുടെ സുരക്ഷിതത്വമില്ലാത്ത ഗോതൊഴുത്തിൽ അവന് പിറക്കേണ്ടിവന്നു. കൊട്ടിയടച്ച വാതിൽ അവന്റെ കുഞ്ഞു മനസിനു നൊമ്പരമായപ്പോൾ അവൻ ഒരിക്കലും അടയാത്ത എങ്കിലും ഒരു കള്ളനും കടക്കാൻ സാധിക്കാത്ത സുരക്ഷിതത്വം നൽകുന്ന വാതിലായി (ഉല്പ. 10:7). എല്ലാവർക്കും എപ്പോൾ വേണമെങ്കിലും കേറിപ്പോവുകയും ഇറങ്ങിവരുകയും ചെയ്യാൻ തക്കവിധം മലർക്കെ തുറന്നിട്ട വാതിൽ. വിശാലമായ മേച്ചിൽപുറത്ത് സ്വസ്ഥമായും ഭീതി കൂടാതെയും സമൃദ്ധമായി മേഞ്ഞു നടക്കാൻ അവസരം ഒരുക്കുന്ന വാതിൽ മറ്റേതു വാതിലും അടയുമ്പോഴാണ് സുരക്ഷിതത്വം നൽകുന്നത്. എന്നാൽ തുറസായ മേച്ചിൽ പുറങ്ങൾക്കു മുന്നിൽ വിശാലമായ വാതിലായി കാവലിരിക്കുന്ന അവൻ ആർക്കും മോഷ്ടിക്കാൻ സാധിക്കാത്ത സൗഭാഗ്യവും ആഹ്ലാദവും സുരക്ഷിതത്വവും അവനിൽ മേഞ്ഞുനടക്കുന്ന തന്റെ അജഗണങ്ങളുടെ ഹൃദയങ്ങളിലേക്ക് ഒഴുകുന്നു. ഇതിലേ വരൂ. ഇതാണ് ഏകവാതിലും വഴിയുമെന്ന് പറഞ്ഞ് അവൻ നിരന്തരം നമ്മെ മാടിവിളിക്കുമ്പോഴും ഓടാമ്പലുകളേയും പൂട്ടുകളെയും മാത്രം വിശ്വസിക്കാനാവുന്ന നമുക്ക് ഓടാമ്പലുകളും പൂട്ടുകളുമില്ലാത്ത വാതിലിന്റെ സുരക്ഷിതത്വത്തെ വിശ്വസിക്കാനാവുന്നുമില്ലല്ലോ. അതുകൊണ്ടാണല്ലോ സമൃദ്ധമായ മേച്ചിൽ സ്ഥലത്തേക്കുള്ള വാതിൽ ഉപേക്ഷിച്ച് മറ്റനേകം വാതിലുകളുടെ മുന്നിൽ നാം എച്ചിലുകൾക്കായി ഭിക്ഷാപാത്രങ്ങളുമായി കാത്തുനിൽക്കുന്നത്.

ഈ ക്രിസ്മസ് രക്ഷകനിലേക്കുള്ള ഒരു തിരിച്ചുവരവിന്റെ അവസരമാകട്ടെ. ഭയം കൂടാതെ അജഗണങ്ങളും ഏകവാതിലിനെ നമുക്കു സമീപിക്കാം. ഒന്നു മുട്ടിയാൽ മതി അവൻ അപ്പോൾതന്നെ മലർക്കെ തുറന്ന് തരും. നമ്മുടെ മുട്ടും പ്രതീക്ഷിച്ച് നമ്മോടൊത്ത് ആയിരുന്നുകൊണ്ട് ഭക്ഷിക്കുവാനും പാനം ചെയ്യുവാനുമായി അവൻ കാത്തിരിക്കുന്നു. (റോമ. 3:20) നമുക്ക് അവനോടൊപ്പമായിരിക്കാം... ഒപ്പം നമുക്ക് അനേകരുടെ മുന്നിൽ തുറന്നിട്ട വാതിലുകളാകാം. അപരന്റെ ആവശ്യങ്ങൾക്കുമുന്നിൽ നമ്മുടെ ഹൃദയത്തിന്റെയും മനസിന്റെയും വാതിലുകൾ തുറന്നു കൊടുക്കാം. ആ വാതിലിലൂടെ രക്ഷകനും നമ്മിലേക്ക് കടന്നുവരും. രക്ഷയുടെ അനുഭവം ലഭിക്കുവാൻ നാം ചെയ്യേണ്ട ഏകകാര്യം രക്ഷകനുവേണ്ടി വാതിൽ തുറന്നു കൊടുക്കുക എന്നത് മാത്രമാണ്.



# ഉയർന്ന രക്തസമ്മർദ്ദവും ഹൃദയാഘാതവും...



ഡോ. അനിൽ പ്രദീപ് കെ.

### എന്താണ് രക്തസമ്മർദ്ദം?

രക്തം രക്തധമനികളിലൂടെ ഒഴുകുമ്പോൾ ധമനിയുടെ ഭിത്തിയിൽ ചെലുത്തുന്ന സമ്മർദ്ദത്തെയാണ് രക്തസമ്മർദ്ദം എന്നുപറയുന്നത്. ഇത് രണ്ട് അക്കങ്ങളായാണ് സൂചിപ്പിക്കുന്നത്. ഉദാ: 120/80 മില്ലീമീറ്റർ മെർക്കുറി (mm. Hg.) ഇതിൽ മുകളിലത്തെ അക്കത്തെ സിസ്റ്റോളിക് ബി.പി. എന്നുപറയുന്നു. താഴത്തെ അക്കത്തെ ഡയസ്റ്റോളിക് ബി.പി. എന്നുംപറയുന്നു. ഹൃദയം പമ്പ് ചെയ്യുമ്പോൾ രക്തധമനിയിൽ ഉണ്ടാകുന്ന സമ്മർദ്ദമാണ് സിസ്റ്റോളിക് ബി.പി. ഹൃദയം വികസിക്കുമ്പോൾ (റിലാക്സ് ചെയ്യുമ്പോൾ) രക്തം, രക്തധമനിയിൽ ചെലുത്തുന്ന സമ്മർദ്ദത്തെ ഡയസ്റ്റോളിക് പ്രഷർ എന്നും പറയുന്നു. ഇവ രണ്ടും പ്രധാനം തന്നെ.

### എന്താണ് രക്താതിസമ്മർദ്ദം? (High Blood Pressure)

നിങ്ങളുടെ രക്തസമ്മർദ്ദം 140/90 mm of Hg യോ, അതിൽ ഏറെയോ ആകുന്ന അവസ്ഥയെ രക്താതിസമ്മർദ്ദം (High Blood Pressure) എന്നുപറയുന്നു.

### രക്താതിസമ്മർദ്ദം മൂലം എന്തെല്ലാം ദോഷങ്ങൾ ഉണ്ടാകാം?.

ഹൃദയാഘാതസാധ്യത രണ്ടിരട്ടിയാണ്. കൂടാതെ അവർക്ക് പക്ഷാഘാത (Stroke) സാധ്യത പത്തിരിട്ടയാണ്. ഇതിനെല്ലാം പുറമേ, കാർഡിയോ മയോപ്പതി, (ഹൃദയഭിത്തികൾക്ക് ഘനം കൂടുന്ന അവസ്ഥ), ഹാർട്ട് ഫെയിലുവർ, കാഴ്ചത്തകരാർ, വൃക്കകളുടെ തകരാറ് എന്നിവ വേറെയും.

### രക്താതിസമ്മർദ്ദത്തിന്റെ രോഗലക്ഷണങ്ങൾ എന്തെല്ലാം?

ഉയർന്ന രക്താതിസമ്മർദ്ദം. ഒരു നിശബ്ദ കൊലയാളി!!! (Silent Killer)

രക്താതിസമ്മർദ്ദം മിക്കവാറും നിശബ്ദമാണ്. പുറമേ രോഗലക്ഷണങ്ങൾ ഒന്നും കാണുകയില്ല. പലപ്പോഴും ഹൃദയാഘാതം, പക്ഷാഘാതം എന്നിവ വന്നണയുമ്പോൾ മാത്രമാണ് രക്തസമ്മർദ്ദം കൂടുതലായിരുന്നുവെന്ന് രോഗി മനസ്സിലാക്കുന്നത്. അതുകൊണ്ട് തന്നെ ഉയർന്ന രക്തസമ്മർദ്ദത്തെ ഒരു നിശബ്ദകൊലയാളിയെന്ന് നമുക്ക് വിവരിക്കാം.

### ഈ നിശബ്ദകൊലയാളിയെ എങ്ങനെ നേരിടാം?

1. ഇരുപത്തിയഞ്ച് വയസിനു മുകളിലുള്ളവർ വർഷത്തിലൊരിക്കലെങ്കിലും അവരുടെ രക്തസമ്മർദ്ദം തിട്ടപ്പെടുത്തണം.
2. പ്രായഭേദമെന്യേ നിങ്ങളുടെ രക്തസമ്മർദ്ദം 140/90 mm of Hg യിൽ താഴെയാണ് എന്ന് ഉറപ്പുവരുത്തുക.







3. നിങ്ങളുടെ ഡോക്ടർ നിങ്ങൾക്ക് രക്താതിസമ്മർദ്ദത്തിന് മരുന്നു തരുന്നുവെങ്കിൽ അത് മുടങ്ങാതെ കൃത്യഅളവിൽ കഴിക്കുക.
4. നിങ്ങൾക്ക് രക്താതിസമ്മർദ്ദമുണ്ടെങ്കിൽ രണ്ട് മാസത്തിലൊരിക്കലെങ്കിലും ഡോക്ടറെ കണ്ട് രക്തസമ്മർദ്ദം പരിശോധിക്കുക. മറ്റ് പരിശോധനകൾ വേണ്ടിവന്നാൽ അതും ചെയ്യുക.
5. ഒരു ദിവസം മുപ്പതുമിനിട്ട് എങ്കിലും വ്യായാമത്തിൽ ഏർപ്പെടുക. നടത്തം, നീന്തൽ, ജോഗിംഗ്, ഉദ്യാനപരിപാലനം (പച്ചക്കറിത്തോട്ടം) എന്നിവ ഏറ്റവും ഉത്തമം.
6. മദ്യപാനം കുറയ്ക്കുക, ഉപേക്ഷിക്കുന്നതാണ് ഉത്തമം. മദ്യപിക്കുമ്പോൾ രക്തസമ്മർദ്ദം കൂടുന്നു. പ്രത്യേകിച്ച് ഉയർന്ന രക്തസമ്മർദ്ദമുള്ളവർക്ക്, പുകവലി ഉപേക്ഷിക്കുന്നതാണ് നല്ലത്.
7. ഉപ്പ്: ഒരു വ്യക്തി ഒരു ദിവസം മൂന്ന് ഗ്രാം ഉപ്പ് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. അത് നമുക്ക് നമ്മുടെ കറിയിൽനിന്നും, മറ്റ് ആഹാരത്തിൽ നിന്നും ലഭിക്കുന്നു. അച്ചാർ, പപ്പടം, ഉണക്കമീൻ, മിക്ചർ, ഉപ്പുബിസ്ക്കറ്റുകൾ, ഉപ്പേരികൾ എന്നിവ ആഹാരത്തിൽ നിന്നും ഒഴിവാക്കുക. രക്താതിസമ്മർദ്ദമുള്ളവർ രണ്ടുഗ്രാം ഉപ്പ് ഒരു ദിവസം ഉപയോഗിക്കാൻ ശീലിക്കണം.
8. നമ്മുടെ കുട്ടികളെ ചെറുപ്പത്തിൽത്തന്നെ അമിത ഉപ്പ് കൊടുത്ത് ശീലിപ്പിക്കാതിരിക്കുക. മിക്ചർ, ലെയ്സ്, മുതലായവ കൊടുക്കുമ്പോൾ – ഭാവിയിൽ അവരെ രക്താതിസമ്മർദ്ദം ഉള്ളവർ ആക്കുകയാണ് എന്ന് മറക്കാതിരിക്കുക.
9. കുട്ടികളെ അരമണിക്കൂർ എങ്കിലും ദിവസവും ഓടിച്ചാടി കളിക്കാൻ പ്രോത്സാഹിപ്പിക്കുക.
10. ശരീരഭാരം കുറയ്ക്കുക.
11. ഭക്ഷണത്തിൽ പഴങ്ങളും, പച്ചക്കറികളും ഏറെ ഉപയോഗിക്കുക.

## രക്തസമ്മർദ്ദം കുറച്ചാൽ എന്താണ് നേട്ടം?

നിങ്ങളുടെ രക്തസമ്മർദ്ദം കുറച്ചാൽ ഹൃദയാഘാത സാധ്യത ഇരുപത് ശതമാനം കുറയുന്നു.

## മരുന്നുകൾ കഴിക്കുന്നതിനെക്കുറിച്ച്...

രോഗിയുടെ രക്തസമ്മർദ്ദനില, രോഗിയുടെ മറ്റ് അസുഖങ്ങൾ (ഉദാ. പ്രമേഹം, ഹൃദ്രോഗം) രോഗിയുടെ പ്രായം, ശരീരപ്രകൃതി എന്നിങ്ങനെ പലകാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് ഒരു മരുന്ന് ഡോക്ടർ നിശ്ചയിക്കുന്നത്. ഒരു രോഗിക്ക് നൽകുന്ന മരുന്ന് മറ്റൊരാൾക്ക് ഫലപ്രദമാവണമെന്നില്ല. മരുന്നുകൾ ഒരു ഡോക്ടറുടെ നിർദ്ദേശത്തിലും, നിരീക്ഷണത്തിലും മാത്രമേ കഴിക്കാൻ പാടുള്ളൂ. രക്തസമ്മർദ്ദനിലയിൽ വ്യതിയാനങ്ങൾ സാധാരണമായതിനാൽ മരുന്നുകളുടെ ഡോസ് ഇടയ്ക്കിടെ ക്രമീകരിക്കേണ്ടത് അത്യാവശ്യമാണ്.

## നിങ്ങൾ ചെയ്യേണ്ടത് എന്ത്?

ഇന്നുതന്നെ സമീപത്തുള്ള ഡോക്ടറെ സമീപിച്ച് നിങ്ങളുടെ രക്തസമ്മർദ്ദം തിട്ടപ്പെടുത്തി അദ്ദേഹത്തിന്റെ ഉപദേശം തേടുക.

## ചുമതലയേറ്റു

**ഡോ. ദിലു വി.പി.**
കാർഡിയോളജി വിഭാഗത്തിലും,
**ഡോ. വിനോദ് ജെ. കുര്യാക്കോസ്**
പിഡിയാട്രിക്സ് വിഭാഗത്തിലും,
**ഡോ. പ്രവീൺ എസ്.**
ജനറൽ സർജ്ജറി വിഭാഗത്തിലും,
**ഡോ. പ്രവീൺ**
ഓർത്തോപീഡിക്സ് വിഭാഗത്തിലും
ചുമതലയേറ്റു.

# സുവർണ്ണ ജൂബിലി ആശംസകൾ



പുണ്യ സ്മരണാർഹനായ ബ്രദർ ഫോർത്തുനാത്തൂസിന് ഏറെ പ്രിയപ്പെട്ട ബ്രദറായിരുന്നു ബ്രദർ അൽഫോൻസ്. ബ്രദർ ഫോർത്തുനാത്തൂസ് നൊവിസ് മാസ്റ്റർ ആയിരിക്കെ തന്റെ നൊവിസ സിന് ബ്രദർ അൽഫോൻസിനെ ഒരു മാതൃകാ ബ്രദറായി പരിചയപ്പെടുത്തുക പതിവായിരുന്നു. സദാ സന്തോഷ ചിത്തനായി, പ്രവർത്തനനിരതനായി, എന്തു ത്യാഗവും സഹിക്കാൻ സന്നദ്ധ നായി അദ്ദേഹം കാണപ്പെട്ടു. അതുകൊണ്ടാവാം വളരെ ക്ലേശകരമായിരുന്ന ഹോസ്പിറ്റലർ സഭയുടെ ഇന്ത്യൻ മിഷന്റെ തുടക്കത്തിനായി ബ്രദർ അൽഫോൻസിനെ അദ്ദേഹം ക്ഷണിച്ചത്.

ജൻമനാടായ ജർമ്മനി അന്ന് സമ്പൽ സമൃദ്ധമായ ഒരു രാജ്യമായിരുന്നു. എല്ലാവിധ ജീവിത സൗകര്യങ്ങളും വേണ്ടുവോളം അവിടെ ഉണ്ടായിരുന്നു. ഒരു ബട്ടണമർത്തിയാൽ അല്ലെങ്കിൽ ഫോൺ എടുത്ത് ഒന്നു വിളിച്ചാൽ എന്തും മുമ്പിലെത്തും.

അന്നു കട്ടപ്പനയോ വെറുമൊരു കാട്ടു പ്രദേശം. കറന്റില്ല. ഫോണില്ല. നല്ല റോഡില്ല. ഏറ്റവും അടുത്ത ആശുപത്രി കാഞ്ഞിരപ്പള്ളിയിൽ.

താല്കാലികമായി നിർമ്മിച്ച പരിമിതികൾ ഏറെയുണ്ടായിരുന്ന കെട്ടിടത്തിൽ താമസം തുടങ്ങി. അപരിചിതമായ ഭാഷ, ഭക്ഷണം, സംസ്കാരം-എല്ലാത്തിനോടും അദ്ദേഹം ഇണങ്ങിച്ചേർന്നു.

കട്ടപ്പനയിൽ ആശുപത്രി തുടങ്ങാൻ ശ്രമിച്ചപ്പോൾ അത്യാവശ്യ സാധനങ്ങൾക്ക് മധുരയിലോ എറണാകുളത്തോ പോകേണ്ടിയിരുന്നു. ഈ ആവശ്യങ്ങൾക്ക് ബ്രദർ അനവധി യാത്രകൾ നടത്തിയിട്ടുണ്ട്. വെളുപ്പിനു മൂന്നു മണിക്കും മറ്റും പുറപ്പെട്ടാൽ തിരിച്ചെത്തുന്നത് ചിലപ്പോൾ അടുത്ത ദിവസം വെളുപ്പിനായിരിക്കും.

പാടത്തും, പറമ്പിലും, ഓപ്പറേഷൻ തിയേറ്ററിലുമെല്ലാം അദ്ദേഹം രാപകലില്ലാതെ പ്രവർത്തന നിരതനായിരുന്നു. ആശുപത്രി ഉപകരണങ്ങൾ കേടായാൽ ഉടൻ അവിടെ ഓടിയെത്തി നന്നാക്കും. ഇതിനിടെ ആർക്കെങ്കിലും രക്തം ആവശ്യമായി വന്നാൽ കൊടുക്കാനും തയ്യാറായിരുന്നു. ഇതിനിടെ അദ്ദേഹം ദീർഘകാലം നൊവിസ് മാസ്റ്ററായി സേവനം ചെയ്തു.

കട്ടപ്പനയിൽ ഇന്നു നമ്മൾ കാണുന്ന ആശുപത്രിയുടെ ചാപ്പൽ അദ്ദേഹത്തിന്റെ രൂപകല്പനയാണ്. അന്ന് ഏറ്റവും സുപ്രസിദ്ധനായിരുന്ന ശില്പിയെക്കൊണ്ടുതന്നെ പള്ളിയിൽ രൂപങ്ങൾ നിർമ്മിച്ചെടുത്തു. മാർത്തോമ്മാ കുരിശും നിലവിളക്കുമെല്ലാം അദ്ദേഹത്തിന്റെ ആശയമാണ്. കരിങ്കല്ലും തേക്കിന്റെ തടിയും ഉപയോഗിച്ചാണ് ചാപ്പൽ നിർമ്മിച്ചിരിക്കുന്നത്.

സഭയ്ക്ക് രണ്ടാമത്തെ ഹൗസ് ആവശ്യമായി വന്നപ്പോൾ അതിനായി അദ്ദേഹം മുന്നിട്ടിറങ്ങി. പൂനമല്ലിയിലെ ഭവനത്തിന്റെ സ്ഥാപകനും ആദ്യത്തെ സുപ്പീരിയറും അദ്ദേഹമായിരുന്നു. പരിമിതികളിലൂടെയെല്ലാം അദ്ദേഹം ആ ഭവനത്തെ വളർത്തി. പിന്നീട് അദ്ദേഹം പ്രൊവിൻഷ്യൽ ഡലഗേറ്റായി സഭയെ നയിച്ചു.

തന്റെ മാതാപിതാക്കൾ വൃദ്ധരും രോഗികളുമായതിനെത്തുടർന്ന് 17 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം അദ്ദേഹം സ്വദേശത്തേക്കു തിരിക്കുകയായിരുന്നു.

നവംബർ 24-ാം തീയതി തന്റെ സന്യാസജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബ്രദർ അൽഫോൻസിന് ഹൈറേഞ്ചു നിവാസികളുടെ എല്ലാ വിധ ആശംസകളും അർപ്പിച്ചു കൊള്ളുന്നു.

## സ്തനാർബുദ ബോധവൽക്കരണ ക്യാമ്പും സൗജന്യ സ്തന പരിശോധന ക്ലിനിക്കും

സ്ത്രികളിൽ മരണത്തിന് കാരണമാകുന്ന അർബുദങ്ങളിൽ ഒന്നാം സ്ഥാനത്താണ് സ്തനാർബുദം. ഇന്ത്യയിൽ, സ്ത്രീകളിലെ അർബുദബാധിത മരണങ്ങളിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് സ്തനാർബുദമാണ്. ലളിതവും നിരന്തരവുമായ സ്വയം സ്തന പരിശോധനയിലൂടെ സ്തനാർബുദത്തെ ആരംഭദിശയിൽതന്നെ സ്തനാർബുദം കണ്ടുപിടിക്കുന്നതുവഴി അർബുദരഹിത ജീവിതം തുടരുന്നതിനും, അർബുദം മറ്റു ശരീരഭാഗങ്ങളിലേക്ക് പകരുന്നത് തടയാനും സാധിക്കും.



ഐ. എം. എ കട്ടപ്പനയും, സെന്റ് ജോൺസ് ഹോസ്പിറ്റലും ചേർന്ന് ഒക്ടോബർ മാസം 15 മുതൽ 31 വരെ സ്തനാർബുദ ബോധവത്കരണ ക്യാമ്പും, സൗജന്യ സ്തന പരിശോധന ക്ലിനിക്കും വിജയകരമായി സംഘടിപ്പിച്ചു. ഇതിലൂടെ 945 പേർക്ക് നേരിട്ടുള്ള ക്യാമ്പ് വഴിയും 30,000 പേർക്ക് തത്സമയ ടെലിവിഷൻ പ്രോഗ്രാമിലൂടെയും 18,000 പേർക്ക് ഐഡിയ മൊബൈൽ സേവനത്തിലൂടെയും ബോധവൽക്കരണം നൽകി. സെന്റ് ജോൺസ് ഹോസ്പിറ്റലിലെ ജനറൽ സർജ്ജൻ ഡോ. രവികാന്താണ് ക്യാമ്പിന് നേതൃത്വം നൽകിയത്.





# കട്ടപ്പനയ്ക്കൊരു കൈത്തിരി

സസ്യശ്യാമളകോമളമായ, മൊട്ട ക്കുന്നുകളും തരുനിരകളും നിറഞ്ഞ ഹരിതാഭമായ ഹൈറേഞ്ചിന്റെ സൂര്യതേജസ്സായി നില്ക്കുന്ന സെന്റ് ജോൺസ് ആശുപത്രിയുടെ തിരുമുറ്റത്ത് കൈത്തിരി തെളിയുന്നത് നിങ്ങൾക്കു കാണാം. 1975-ൽ ആണ് ഈ കൈത്തിരി തെളിഞ്ഞത്. നിർദ്ധനരായ കുട്ടികളുടെ സാകല്യേനയുള്ള ഉന്നമനത്തിനുവേണ്ടിയാണീ സ്ഥാപനം നിലകൊള്ളുക. കുരുന്നുകുഞ്ഞുങ്ങൾക്ക് അക്ഷരദീപം തെളിക്കുക, സ്വഭാവ രൂപവത്ക്കരണം നല്കുക, ട്യൂഷൻ ക്ലാസുകൾ നടത്തുക, കുട്ടികളുടെ ക്രിയാത്മക വാസനകളെ വളർത്തിയെടുക്കുക തുടങ്ങി പലതും ഇവിടെ നടക്കുന്നു.

കൈത്തിരിയുടെ നടത്തിപ്പ് ബ്രദർ പ്രകാശാണ് നിർവ്വഹിക്കുന്നത്. നല്ലൊരു ബുക്സ്റ്റോൾ കൈത്തിരിക്കു സ്വന്തമായുണ്ട്. കുട്ടികളുടെ സേവനം എപ്പോഴും കൈത്തിരിക്കൊരു മുതൽക്കൂട്ടാണ്. ആദ്യകാലത്ത് ഇവിടെ വഴിയോരത്തായിരുന്നു വില്പന. നടത്തിപ്പിന് ആശുപത്രി ഡയറക്ടറോടു കടം വാങ്ങിയിരുന്നു. ഹയേട്രൊബെല്ലോനി എന്ന ഒരു ഇറ്റാലിയൻ ബ്രദറിന്റെ കട്ടപ്പന സന്ദർശനം കൈത്തിരിയുടെ പ്രവർത്തനങ്ങൾക്കു വഴിത്തിരിവായി. കൈത്തിരിയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ കൈത്തിരിസ്റ്റാൾ, ട്യൂഷൻ ക്ലാസ്, കൈത്തിരി നഴ്സറിഗാർഡൻ തുടങ്ങിയവയാണ്. കൈത്തിരിക്കു വലംകൈയായി പ്രവർത്തിക്കുന്ന കുട്ടികൾ, സ്കൂൾ പഠനത്തിനിടയ്ക്ക് ഇവിടെ ചെയ്യുന്ന സേവനത്തിൽ നിന്നുണ്ടാകുന്ന ലാഭം അവർക്കായിതന്നെ ലഭിക്കുന്ന സംവിധാനമാണിവിടെയുള്ളത്. തുടക്കം മുതൽ നടത്തിപ്പോന്നിരുന്ന ട്യൂഷൻ ക്ലാസ്സുകൾ ഇന്നും ഭംഗിയായി നടന്നു പോകുന്നുണ്ട്. നഴ്സറി ഗാർഡന്റെ ചിത്രശലഭങ്ങളായി കുട്ടികൾ പാറി നടക്കുന്നു. ആദായം കുട്ടികൾക്കുതന്നെ ലഭിക്കും. നല്ലയിനം വിത്തുകളും തൈകളും ഇവിടെ രൂപപ്പെടുത്തുന്നുണ്ട്. കുട്ടികളുടെ സഹകരണമനുസരിച്ച് പ്രോത്സാഹന സമ്മാനങ്ങളും, കുട, ബാഗ് മുതലായവയും നൽകുന്നു.



ഒന്നിച്ചുള്ള ഭക്ഷണം, സേവനം, ഭവന സന്ദർശനങ്ങൾ, ഉല്ലാസപഠനയാത്രകൾ തുടങ്ങിയവ കുട്ടികളിൽ ഒരുമയുടേയും പങ്കുവയ്ക്കലിന്റെയും മനോഭാവം വളർത്തുന്നു. ഇവിടെനിന്നും പഠിച്ചുപോയ പലരും ഇന്ന് പല ഉന്നത സ്ഥാനങ്ങളും അലങ്കരിക്കുന്നു. നല്ലവനായ ദൈവത്തിന്റെ പരിപാലനയിൽ ആശ്രയിച്ച് കൈത്തിരി മുമ്പോട്ടു നീങ്ങുന്നു. ഇതിന്റെ വളർച്ചയിൽ സഹായിച്ചിട്ടുള്ളവർ നിരവധിയാണ്. ലോക്കൽ സുപ്പീരിയർ, അധികാരികൾ, ബ്രദേഴ്സ്, നല്ലവരായ അഭ്യുദയ കാംക്ഷികൾ തുടങ്ങി പലരും ഊടും പാവും നെയ്യുന്നു. അവരെയെല്ലാം നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ യെന്നു പ്രാർത്ഥിക്കുന്നു.

## പഠന വൈകല്യമുള്ള കുട്ടികൾക്കു വേണ്ടിയുള്ള ക്ലാസ് നടത്തി

കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെയും വെള്ളയാംകുടി റസിഡന്റ്സ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ 2012 ഡിസംബർ 12-ാം തീയതി സെന്റ് ജോൺസ് ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽ വച്ച് പഠനവൈകല്യമുള്ള കുട്ടികൾക്കായുള്ള സെമിനാർ നടത്തി. രാവിലെ 9.30 ന് നടത്തിയ പൊതുസമ്മേളനത്തിന് ഡോ. അനിൽ പ്രദീപ് അദ്ധ്യക്ഷത വഹിച്ചു. ആശുപത്രി ഡയറക്ടർ ബ്രദർ ബൈജു വാലുപറമ്പിൽ, ശ്രീ ജോയി വെട്ടിക്കുഴി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ശ്രീ. കെ. വി തോമസ് സെമിനാറിന് നേതൃത്വം നൽകി. സെമിനാറിൽ അധ്യാപകരും മാതാപിതാക്കളും പൊതുപ്രവർത്തകരുമായി ഏകദേശം 500 ഓളം ആളുകൾ പങ്കെടുത്തു.





Nov 22nd, St. John's Hospital in association with IMA Kattappana organized C.M.E on Invasive Management of ST-Elevated Myocardial Infarction by Dr. Dilu V.P (Interventional Cardiologist)-consultant from St. John's Hospital. Members from neighbouring IMA branches (Vandiperiyar, Nedumkandam) were invited.



CBCI has conducted RNTCP sensitization program with St. Johns hospital for training all catholic hospitals regarding DOTS treatment for TB.




IMA Kattappana in association with St. John's Hospital organized World COPD day (Nov-14th) with free COPD clinic and screening programme in association with Cipla respiratory health care at St. John's Hospital, Kattappana. 75 patients were diagnosed and giving free supply of medications, same day press meeting and TV coverage was organised for educating general public. Dr. Sonia Jose (CHEST PHYSICIAN) was the treating doctor for the camp.



WORLD AIDS DAY: We have organised AIDS Awareness programme in association with Kattappana grama panchayat and Idukki District health services for Kudumba Sri representatives and Anganwadi workers on 1st Dec , 2012. Due to Unfortunate death of former prime minister I.K. Gujaral, all the public activities were cancelled till 7th December. So we changed the program and conducted AIDS Awareness programme for HEALTH CARE ASSISTANTS (staff nurses, nursing students, lab technicians, and paramedical staff working in various hospitals) around 300 plus people attended the program. We have organised an educational skit and had an interactive session. This year's theme was 'getting to zero-zero discrimination to aids patients, zero aids related deaths, zero new HIV cases". we have designed special poster for the theme.

# ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്
# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്





"വിശന്നവനായ് വിയർത്തവനായ്
നഗ്നനായി നിങ്ങളെന്നെ കാണും
മൺകുടിലിൽ പൂർണ്ണവിവശനായ്
വീണ്ടും നിങ്ങളെന്നെ കാണും
വേദനയാൽ തളർന്നവനായ്
ദാഹംപേറി കുഴഞ്ഞവനായ്
നിരാശനായി തടവറതന്നിൽ
വീണ്ടും നിങ്ങളെന്നെ കാണും
എൻ സ്വരം കേട്ട് വന്നിടണം"

ഈ സ്വരം കേട്ട്...

രോഗികളുടേയും വേദനിക്കുന്നവരുടേയും ആവശ്യത്തിലിരിക്കുന്നവരുടേയും കവിളുകളിൽ തങ്ങിനിന്ന കണ്ണീരൊപ്പി, ആദരാത്മകശുശ്രൂഷയിലൂടെ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നെയ്ത്തിരിയായിത്തീർന്ന് സെന്റ് ജോൺ ഓഫ് ഗോഡിനെപ്പോലെ... ഹൈറേഞ്ചിലെ പാവങ്ങൾക്കും രോഗികൾക്കും അശരണർക്കും അത്താണിയായി...

പ്രത്യാശയുടെ വെളിച്ചമായി...
സാന്ത്വനത്തിന്റെ കരമായി...

പാവങ്ങളുടെ വല്യച്ചനായിത്തീർന്ന ബഹു. ബ്ര. ഫോർത്തുനാത്തൂസിനെപ്പോലെ ദൈവം ദാനമായിതന്ന ജീവിതത്തെ സമർപ്പണജീവിതത്തിലൂടെ ചെറിയവരിലൂടെ നമ്മെ സമീപിക്കുന്ന, ഈശോയെ ശുശ്രൂഷിക്കുവാൻ ഉപവിയുടെ ഉപകരണങ്ങളാകുവാൻ വിശുദ്ധിയുടെ സൗരഭ്യം പകരാൻ...

നിങ്ങളും വരുന്നോ?

## കുഞ്ഞനുജൻമാർക്കും കുഞ്ഞനുജത്തിമാർക്കും
## സ്വാഗതം



VOCATION PROMOTOR
Brothers of St. John of God
P.B. NO: 2, Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 9447839687, 9495506576

VOCATION PROMOTOR
Sisters of Charity of St. John of God
Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 04868 272744

# അന്ധത കുട്ടികളിൽ

ഡിപ്പാർട്ട്മെന്റ് ഓഫ്
ഒഫ്താൽമോളജി

പഞ്ചേന്ദ്രിയങ്ങളിൽ ഏറ്റവും വിലപ്പെട്ടത് കണ്ണുകളാണല്ലോ. ഒരുവ്യക്തിയുടെ വളർച്ചയിലും വ്യക്തിത്വവികാസത്തിലും കണ്ണുകൾ മുഖ്യപങ്ക് വഹിക്കുന്നു. കാഴ്ച ശക്തിയിൽ ഉണ്ടാവുന്ന പ്രശ്നങ്ങൾ ജീവിതത്തിന്റെ സമസ്ത മേഖലകളേയും ബാധിക്കുകയും തൻമൂലം ഭാവി ജീവിതത്തെ സ്വാധീനിക്കുകയും ചെയ്യുന്നു.

**അന്ധത കുട്ടികളിൽ**

16 വയസ്സിൽ താഴെയുള്ള ഒരു കുട്ടിയെ അന്ധൻ എന്നു വിശേഷിപ്പിക്കുന്നത്, എല്ലാ ചികിത്സകൾക്കു ശേഷവും അവന്റെ കണ്ണിന്റെ പരമാവധി കാഴ്ച ശക്തി 3-60 യിൽ കുറവായിരിക്കുന്ന അവസ്ഥയിൽ ആണ്. അതായത് കണ്ണടയുടെ സഹായത്തോടെയും മറ്റും ഒരു കുട്ടിക്ക് മൂന്നടി ദൂരത്തുനിന്ന് വിഷൻ പരിശോധനാ ചാർട്ടിലെ എറ്റവും മുകളിലെ അക്ഷരം വായിക്കാൻ കഴിയാത്ത അവസ്ഥ.

**കുട്ടികളിലെ അന്ധത – ആഗോളതലത്തിൽ**

1. അന്ധരായ കുട്ടികൾ 1.5 മില്യൺ
2. ഏകദേശം 5,00,000 അന്ധർ ഒരു വർഷം- ഒരു മിനിറ്റിൽ ഒരാൾ അന്ധനാകുന്നു.
3. ഇതിൽ പകുതി കുട്ടികൾ അന്ധരായി ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ മരിക്കുന്നു.
4. അന്ധത മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിൽ മൂന്നിൽ ഒന്ന് കുട്ടികളിലെ അന്ധത മൂലമാണ്.
5. റിഫ്രാക്ടീവ് തകരാറുകൾ മൂലം അന്ധത അനുഭവിക്കുന്നവർ ഒരു ശതമാനം.
6. ഈ ഒരു ശതമാനത്തിൽ 95 ശതമാനം പേരുടേയും കാഴ്ച ശക്തി കണ്ണട ഉപയോഗം വഴി ശരിയാകും.

**കേരളത്തിൽ കുട്ടികളിലെ അന്ധതയുടെ പ്രധാന കാരണങ്ങൾ**

| | |
|---|---|
| വൈറ്റമിൻ എ യുടെ കുറവ് | - 7.5 ശതമാനം |
| റെറ്റിനയുടെ പ്രശ്നങ്ങൾ | - 33.2 ശതമാനം |
| തിമിരം | - 23.6 ശതമാനം |
| ജന്മനാ തന്നെ കണ്ണില്ലാത്ത അവസ്ഥ | - 6.5 ശതമാനം |
| റിഫ്രാക്ടീവ് തകരാറുകൾ | - 1 ശതമാനം |
| മറ്റുള്ളവ | - 28.2 ശതമാനം |

**കുട്ടികളിൽ അന്ധതയ്ക്കു കാരണമാകുന്ന പ്രധാന അസുഖങ്ങൾ**

**തിമിരം**

*കാരണങ്ങൾ*

റൂബെല്ലാ രോഗബാധ, പാരമ്പര്യം, കണ്ണിനേൽക്കുന്ന ക്ഷതം

*ലക്ഷണങ്ങൾ*

കാഴ്ച ശക്തിയിൽ മങ്ങൽ, കണ്ണിൽ ഉണ്ടാകുന്ന വെള്ളപാടുകൾ, ലെൻസിന് ഉണ്ടാകുന്ന മൂടൽ

*മുൻ കരുതലുകൾ*

റൂബെല്ലാ പ്രതിരോധ വാക്സിൻ, നേത്രപരിപാലനം.

**റിഫ്രാക്റ്റീവ് തകരാറുകൾ**

*കാരണം*

കണ്ണുകൾ ശരിയായി വളരാതിരിക്കുക.

*ലക്ഷണങ്ങൾ*

തലവേദന, കണ്ണിൽ നിന്നു വെള്ളം വരുക, വായിക്കുമ്പോൾ പുസ്തകം അടുപ്പിച്ചോ ദൂരത്തോ പിടിക്കുക, ക്ലാസ്സ് മുറികളിൽ ബ്ലാക്ക് ബോർഡിനോട് ഏറെ അടുത്തിരിക്കുക.

*മുൻകരുതലുകൾ*

കണ്ണിന്റെയും കാഴ്ച ശക്തിയുടേയും പരിശോധന.

**കോങ്കണ്ണ്**

*കാരണം*

നേത്രപേശികളുടെ പ്രവർത്തന തകരാർ

*ലക്ഷണങ്ങൾ*

വ്യത്യസ്ത ദിശകളിൽ നോക്കുന്നത്.

*മുൻകരുതൽ*

അടിയന്തര ചികിത്സ

**ക്ഷതം- പരിക്കുകൾ**

*മുൻകരുതൽ*

കണ്ണുകളുടെ സംരക്ഷണം

കുട്ടികളുടെ അപകടകരമായ കളികൾ തടയുക.

അപകടം ഉണ്ടായാൽ ഉടനെ നേത്രരോഗ വിദഗ്ധന്റെ സഹായം തേടണം.

**ഗ്ലോക്കോമ**

*കാരണങ്ങൾ*

പാരമ്പര്യം, റൂബെല്ലാ

*ലക്ഷണം*

കണ്ണ് വേദന, മൂടലുള്ള കണ്ണുകൾ വലിപ്പം കൂടിയ കണ്ണുകൾ

*മുൻകരുതലുകൾ*

ജനിച്ചയുടനെ കണ്ണുകൾ പരിശോധിക്കണം, റൂബെല്ലാ പ്രതിരോധ വാക്സിൻ നൽകണം

പാരമ്പര്യമായി ഗ്ലോക്കോമ ഉണ്ടെങ്കിൽ സ്ഥിരമായി കണ്ണ് പരിശോധിക്കാൻ നിർദ്ദേശിക്കുക.

**റെറ്റിനോപ്പതി ഓഫ് പ്രീമച്യൂരിറ്റി**

*കാരണങ്ങൾ*

മാസം തികയാതെയുള്ള ജനനം, ഭാരക്കുറവ്, പാരമ്പര്യം

*ലക്ഷണം*

രക്തസ്രാവം, നീരുവന്നപോലെയുള്ള കൺപോളകൾ

*മുൻകരുതലുകൾ*

ഗർഭാവസ്ഥയിൽ പോഷക സമ്പുഷ്ടമായ ആഹാരം കഴിക്കണം, മാസം തികയാതെ ജനിച്ചതും ഭാരക്കുറവുള്ളതുമായ കുട്ടികളുടെ കണ്ണുകൾ പരിശോധിക്കണം.



**നേത്രചികിത്സാ വിഭാഗത്തിലെ നൂതന സൗകര്യങ്ങൾ**

**തിമിരത്തിനുള്ള തുന്നലിടാത്ത ലെൻസ് പിടിപ്പിച്ചുള്ള ശസ്ത്രക്രിയയും, താക്കോൽദ്വാര ശസ്ത്രക്രിയയും.**

**താക്കോൽദ്വാര ശസ്ത്രക്രിയകൾ**
(Phacoemulsification)

**ഫീൽഡ് അനലൈസർ**
(ഗ്ലോക്കോമാ രോഗനിർണ്ണയത്തിനുള്ള നൂതനസംവിധാനം)

**YAG laser**
(ലെൻസിന്റെ ചില പ്രശ്നങ്ങൾക്കും ഗ്ലോക്കോമാ ചികിത്സയ്ക്കും ഉപയോഗപ്രദമായ ലേസർ സംവിധാനം.)

**ഫേക്കോഇമൽസിഫയർ**
(താക്കോൽദ്വാര തിമിരശസ്ത്രക്രിയയ്ക്കുള്ള നൂതന സംവിധാനം)

**കോണ്ടാക്ട് ലെൻസ് ക്ലിനിക്**

**കണ്ണടകൾ**




**അനിൽകുമാർ**
**പ്രതീക്ഷാ ഭവൻ**


# ഒരമ്മയുടെ വിലാപം

കരിനാഗം ഇഴയുമീ ധരണിയിൽ നിന്ന്
ഉയരുന്നൊരീ രോദനം ഒരമ്മതൻ
ഹൃത്തടം നുറുങ്ങുമീ വനരോദനം
തൻ മക്കളെ ഒന്നൊന്നായി വിഴുങ്ങിയ

വർഗ്ഗീയതയുടെ വിഷപാമ്പുകൾ തുപ്പിയ
തീജ്വാലയേറ്റു കരിഞ്ഞ തൻ മക്കളെ
ഓർത്ത് നെഞ്ചത്തടിച്ച് വിലപിക്കുന്നൊരമ്മ
തൻ രോദനം ഇനിയും നിലയ്ക്കുമോ.

ഒരായിരം അഗ്നി നാവുകളാൽ തൻ മക്കളെ
ഓരോന്നായി വിഴുങ്ങുമ്പോഴും നിസഹായത
യുടെ ചുടുകണ്ണീർ തൂകി നീറുന്ന
നെഞ്ചകവുമായി ഇനിയെങ്കിലുമീ

തീവ്രവാദത്തിന്റെ പൈശാചിക
ശക്തികൾ ഒന്ന് കടലെടുത്തിരുന്നെങ്കി
ലെന്ന് ആശിച്ചിരിക്കുമ്പോഴും
ഘോരസർപ്പത്തിന്റെ നാവുകൾ നീട്ടി

ചീറി അടുക്കുന്നു പിടയുന്ന തൻ കുരുന്നിന്റെ
ആർത്ത നാദം ചെവിയിൽ മുഴങ്ങുന്നു.
ഇനിയുമുയരാതിരിക്കട്ടെ ഇവിടെ
ആർത്തനാദങ്ങളും പോർവിളികളും

# കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിൽ അത്യപൂർവ്വമായ ശസ്ത്രക്രിയ നടത്തി

2012 നവംബർ മാസം 29-ാം തീയതി ജനറൽ സർജ്ജൻ ഡോ. രവികാന്തിന്റെ നേതൃത്വത്തിൽ അത്യപൂർവ്വമായ സർജ്ജറി നടത്തി. അപ്പന്റിക്സിനുായ അണുബാധയെ തുടർന്ന് ഒരു 13 കാരനെ ഹോസ്പിറ്റലിൽ അഡ്മിറ്റു ചെയ്തു. വിദഗ്ധ പരിശോധനയിൽ മരുന്നുകൾ കൊണ്ട് രോഗം മാറുകയില്ല എന്നു മനസ്സിലാക്കിയ ഡോക്ടർ രോഗിയെ ശസ്ത്രക്രിയയ്ക്കു വിധേയമാക്കി. സാധാരണമായി അപ്പന്റിക്സിന്റെ നീളം 2 - 20 സെ.മി. വരെയാകാം. ഇന്ത്യയിൽ നീക്കം ചെയ്യപ്പെട്ട ഏറ്റവും നീളം കൂടിയ അപ്പന്റിക്സ് 18. സെ.മി ആയിരുന്നു. എന്നാൽ 18 സെ.മി. നീളമുള്ള അപ്പന്റിക്സ് കേരളത്തിൽ നീക്കം ചെയ്തതായി റിപ്പാർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഡോ രവികാന്തിന്റെ നേതൃത്വത്തിൽ നടന്ന ശസ്ത്രക്രിയയിൽ നീക്കം ചെയ്ത അപ്പന്റിക്സിന്റെ നീളം 18 സെ. മി. ആയിരുന്നു. വളരെ വിജയകരമായ ശസ്ത്രക്രിയയ്ക്കു ശേഷം രോഗിയെ ഐ.സി. യു വിലേക്കു മാറ്റി. 2 ദിവസത്തെ ചികിത്സകൾക്കു ശേഷം പൂർണ്ണ ആരോഗ്യത്തോടെ രോഗിയെ ഡിസ്ചാർജ്ജ് ചെയ്തു.

ഈ വാർത്ത മെഡിക്കൽ ജേർണലിലും പ്രസിദ്ധീകരിക്കുന്നു.





# സെന്റ് ജോൺസ് ആശുപത്രിയിലെ അത്യാധുനിക ദന്തചികിത്സാ സൗകര്യങ്ങൾ

ആരോഗ്യമേഖലയിലെ പുരോഗതികൾ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് സെന്റ് ജോൺസ് ആശുപത്രിയിൽ ദന്തചികിത്സയുടെ അത്യാധുനിക സംവിധാനങ്ങളുമായി പ്രത്യേകവിഭാഗം പ്രവർത്തിക്കുന്നു. മുഖത്തും താടിയെല്ലിലും ചെയ്യുന്ന ആധുനിക ശസ്ത്രക്രിയകൾ (മാക്സിലോഫേഷ്യൽ സർജജറികൾ) ഇപ്പോൾ സെന്റ് ജോൺസിലും. ഡോ. റോബിൻ ജോർജ്ജ് എം. ഡി. എസ്ന്റെ നേതൃത്വത്തിലുള്ള ഈ വിഭാഗത്തിൽ താഴെപ്പറയുന്ന ചികിത്സകളാണ് നടത്തുന്നത്.

## ദന്തരോഗ വിഭാഗത്തിൽ ലഭ്യമായ സേവനങ്ങൾ

1. **Impaction**
   എല്ലിനുള്ളിലുള്ള പല്ലുകൾ കീറിയെടുക്കുന്നു
2. **Re implantation**
   വീഴ്ചകളിൽ നഷ്ടപ്പെടുന്ന പല്ലുകൾ യഥാസ്ഥാനത്തു വയ്ക്കുന്നു
3. **Cleft lip & palate**
   മുറിച്ചുണ്ടും മുറിഅണ്ണാക്കും സുഖപ്പെടുത്തുന്നു
4. **TM Joint Surgeries**
   താടി എല്ലിന്റെ ജോയിന്റുകൾക്കുണ്ടാകുന്ന തകരാറുകൾ സുഖപ്പെടുത്തുന്നു (വായ തുറക്കാൻ ബുദ്ധിമുട്ടുള്ളവർക്ക്)
5. **Cysts & Tumors of soft & hard tieries of facial region**
   മുഖത്തുണ്ടാകുന്ന മുഴകളും അനാവശ്യ വളർച്ചകളും നീക്കം ചെയ്യുന്നു
6. **Trouma**
   അപകടങ്ങൾമൂലം മുഖത്തുണ്ടാകുന്ന പൊട്ടലുകളും കേടുപാടുകളും സുഖപ്പെടുത്തുന്നു.

**AESTHETIC SURGERY**

കോസ്മറ്റിക് സർജറി

1. **Orthonatic Surgery**
   പൊങ്ങിയപല്ല്, നീണ്ടതാടിയെല്ല്, താടിയെല്ല് ഇല്ലാത്ത അവസ്ഥ തുടങ്ങിയവ സുഖമാക്കുന്നു.
2. **Rhenoplasty**
   മൂക്കിന്റെ ഭംഗി വർദ്ധിപ്പിക്കുന്നു
3. **Lip Debulking Lengthening, Re construction & Unor Scar Revision**
   ചുണ്ടിന്റെ വണ്ണം കൂട്ടുകയും, കുറയ്ക്കുകയും അപകടങ്ങളിൽ ചുണ്ടിനുണ്ടാകുന്ന പരിക്കുകൾ സുഖമാക്കുകയും ചെയ്യുന്നു.

8. **Ridge Augmentation**
   വെപ്പുപല്ലു വയ്ക്കുന്നവരുടെ മോണയുടെ എല്ല് വർദ്ധിപ്പിക്കുന്നു
9. **Flap Surgery**
   മോണയുടെ ബലം കൂട്ടുന്നു
10. **Orthodoutics Begg's Edgewise**
    നിരതെറ്റിയ പല്ലുകൾ കമ്പിയിട്ടു ശരിയാക്കുന്നു.



കട്ടപ്പന പഞ്ചായത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടന്ന ചടങ്ങിൽ ആശുപത്രിയിലെ സീനിയർ അക്കൗണ്ടന്റായ ശ്രീ ആന്റണി ജോസഫിനെ കായിക മേഖലയിൽ തന്റെ മികച്ച സംഭാവനകൾക്കായി ആദരിക്കുന്നു.

## സൗജന്യ നേത്രചികിത്സാ ക്യാമ്പും തിമിര ശസ്ത്രക്രിയയും നടത്തി

കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെയും ജില്ലാ അന്ധതാ നിവാരണ സൊസൈറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സൗജന്യ നേത്രചികിത്സാ ക്യാമ്പും തിമിരശസ്ത്രക്രിയയും നടത്തി ക്യാമ്പിൽ 500 ഓളം രോഗികളെ പരിശോധിക്കുകയും 110 പേരെ ശസ്ത്രക്രിയയ്ക്കു വിധേയരാക്കുകയും ചെയ്തു.

## സൗജന്യ ഹൃദ്രാഗ പരിശോധനാ ക്യാമ്പ് നടത്തി.

കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെയും ലയൺസ് ക്ലബ്ബ് കട്ടപ്പനയുടേയും സംയുക്താഭിമുഖ്യത്തിൽ ഒക്ടോബർ 7-ാം തീയതി ഓസാനാം ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് ഹൃദ്രോഗ പരിശോധനാ ക്യാമ്പ് നടത്തി. കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിലെ ഹൃദ്രോഗ വിഭാഗം മേധാവി ഡോ. ദിലു വി.പി ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ 150 രോഗികളെ പരിശോധനയ്ക്കു വിധേയരാക്കി. ക്യാമ്പിൽ പങ്കെടുത്ത രോഗികളെ സെന്റ് ജോൺസ് ഹോസ്പിറ്റലിൽ സൗജന്യ നിരക്കിലുള്ള തുടർചികിത്സയ്ക്ക് വിധേയരാക്കി.

## സൗജന്യ ശ്വാസകോശ രോഗ നിർണ്ണയ ക്യാമ്പ് നടത്തി

കട്ടപ്പന സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ 2012 നവംബർ 14-ാം തീയതി ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽവച്ച് സൗജന്യ ശ്വാസകോശരോഗ നിർണ്ണയ ക്യാമ്പ് നടത്തി ശ്വാസകോശരോഗ വിദഗ്ധ ഡോ. സോണിയ ജോസ് ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ 150 ഓളം രോഗികളെ പരിശോധനയ്ക്കു വിധേയരാക്കി.





# പുതിയ ഹോസ്പിറ്റലിന്റെ വെഞ്ചരിപ്പും ഉദ്ഘാടന കർമ്മവും നടത്തപ്പെട്ടു.

ഹോസ്പിറ്റലർ സഭയുടെ ഇന്ത്യൻ പ്രോവിൻസിന്റെ വളർച്ചയുടെ പാതയിൽ ഒരു ചുവടുകൂടി ഉറപ്പിച്ചുകൊണ്ട് പ്രോവിൻസിന്റെ രണ്ടാമത്തെ ഹോസ്പിറ്റലായ സെന്റ് റിച്ചാർഡ് പാമ്പുരി മെഡിക്കൽ ആന്റ് റിസർച്ച് സെന്ററിന്റെ വെഞ്ചരിപ്പും ഉദ്ഘാടനകർമ്മവും ഡിസംബർ 8-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് മദ്ധ്യപ്രദേശിലെ കാണ്ടുവായിൽ വച്ച് നടത്തപ്പെട്ടു. നാഗ്പൂർ ബിഷപ്പ് മാർ എബ്രഹാം വിരുത്തിക്കുളങ്ങര ഹോസ്പിറ്റലിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കാണ്ടുവാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ ദുരൈരാജ് ഹോസ്പിറ്റലിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. തുടർന്ന് പൊതുസമ്മേളനവും കലാപരിപാടികളും നടത്തപ്പെട്ടു. ഓസ്ട്രിയ, ജർമ്മനി, ഫ്രാൻസ്, ഓസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്നുള്ള ബ്രദേഴ്സും കോവർക്കേഴ്സും പരിപാടികളിൽ പങ്കെടുത്തു. ആഘോഷകരമായ ബാന്റുമേളത്തോടെ വിശിഷ്ടാതിഥികളെ വരവേറ്റുകൊണ്ടാണ് പരിപാടികൾ ആരംഭിച്ചത്. വൈകിട്ട് 5 മണിയോടുകൂടി പരിപാടികൾ അവസാനിച്ചു.

**2012 ഒക്ടോബർ മാസം പോർച്ചുഗലിലെ ഫാത്തിമായിൽവച്ചു നടന്ന ജനറൽ ചാപ്റ്ററിൽവച്ചു തിരഞ്ഞെടുക്കപ്പെട്ട ഹോസ്പിറ്റലർ ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സഭയുടെ സുപ്പീരിയർ ജനറലും ജനറൽ കൗൺസിലേഴ്സും**




POPY
John's
ScooBee Day Bags
യൂണിഫോം ഷൂസുകൾ
സ്യൂട്ട്കെയ്സുകൾ
ജോൺസ്, പോപ്പി കുടകൾ
ലെതർ ഉത്പന്നങ്ങൾ
സ്കൂൾ ബാഗുകൾ
നവീന ഫാഷനുകളിലുള്ള പാദരക്ഷകൾ






THE BRANDED
FOOTWEAR STORE!
ബൂട്ട്ഹൗസ്
കട്ടപ്പന

# DISASTER MANAGEMENT & TRAUMA CARE UNIT



## St. John's Hospital, Kattappana



ഇടുക്കിജില്ലയിൽ കഴിഞ്ഞ കാലങ്ങളിലായി ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്തങ്ങളിലും മറ്റുള്ള അപകടങ്ങളിലുംപെട്ട് അനേകം വ്യക്തികൾ യഥാസമയം ശരിയായ പരിചരണം ലഭിക്കാതെ മരണത്തിനും മാരകമായ അംഗവൈകല്യങ്ങൾക്കും ഇരയായിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ അപകടത്തിൽപെടുന്നവരെ എങ്ങനെ പ്രഥമശുശ്രൂഷ നൽകി മരണത്തിൽ നിന്നു രക്ഷിക്കാം, അപകടം നടന്നു കഴിഞ്ഞാൽ നമുക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നും ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ ദുരന്തനിവാരണ സെല്ലുകൾ രൂപീകരിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിനുമായി സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെയും കോളജ് ഓഫ് നേഴ്സിംഗിന്റെയും നേതൃത്വത്തിൽ 22.12.2011 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെ കോൺഫ്രൻസ് ഹാളിൽവച്ച് ജില്ലയിലെ വിവിധഭാഗങ്ങളിലുള്ള സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് നടത്തി. ഈ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ പ്രാഥമികമായി ഓരോ സ്ഥലങ്ങളിലും 20 പേരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സാറ്റ്ലൈറ്റ് സെന്ററിലെ അംഗങ്ങൾ സെന്റ് ജോൺസ് ഹോസ്പിറ്റലിൽ വച്ച് പ്രഥമ ശുശ്രൂഷ നൽകുന്നതിനെക്കുറിച്ചും അടിയന്തര ഘട്ടങ്ങളിൽ നടത്തേണ്ട ജീവൻരക്ഷാ മാർഗ്ഗങ്ങളെക്കുറിച്ചും പരിശീലനം നൽകുകയുണ്ടായി. ഒഴിവാ











ക്കാനാവാത്ത സാഹജര്യങ്ങളിൽ സാറ്റ്ലൈറ്റ് സെന്ററുകളിലെ ആളുകൾ ആവശ്യപ്പെടുന്ന പക്ഷം അതാതു സ്ഥലങ്ങളിൽ ഹോസ്പിറ്റലിന്റെ സേവനം ലഭ്യമാക്കുക, ഓരോ 3 മാസം കൂടുമ്പോഴും സാറ്റ്ലൈറ്റ് സെന്ററുകൾ സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. സാറ്റ്ലൈറ്റ് സെന്ററുകളിലെയും മറ്റു ഗ്രൂപ്പുകളുടേയും അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഡിറക്ടറി പ്രസിദ്ധീകരിക്കുക തുടങ്ങിയ കാര്യങ്ങളാണ് Disaster Management Group ചെയ്യുവാനുദ്ദേശിക്കുന്നത്.

Disaster Management Group ന്റെ ഉദ്ഘാടനവും അംഗങ്ങളുടെ ബാഡ്ജ് വിതരണവും, ഡിറക്ടറിയുടെ പ്രകാശനവും ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. പിജെ ജോസഫ് നിർവ്വഹിച്ചു. സെന്റ് ജോൺസ് ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽവച്ച് നടത്തിയ പൊതുസമ്മേളനത്തിൽ സമൂഹിക സാംസ്കാരിക രാഷ്ട്രീയ നേതാക്കൻമാർ സംസാരിച്ചു.






18 ൽപരം ചികിത്സാ വിഭാഗങ്ങൾ ...
45 ൽപരം ഡോക്ടർമാർ ...
450 ൽപരം കിടക്കകൾ ...
1000 ത്തിൽപരം ഒ.പി ദിവസേന ...
2000 ത്തിൽപരം വാർഷിക നവജാത ശിശുക്കൾ ...

## Our Speciality Departments

- കാർഡിയോളജി
- പൾമണോളജി,
- ന്യൂറോ സർജ്ജറി
- യുറോളജി
- മാക്സിലോ ഫേഷ്യൽ സർജ്ജറി
- നിയോനേറ്റോളജി

## Our Speciality Services

ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, ഹോൾട്ടർ മോണിറ്ററിംഗ്
അലർജി ക്ലിനിക്, സന്ധി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ,
ആർത്രോസ്കോപ്പിക് സർജ്ജറി, അതിനൂതനമായ ന്യൂറോ സർജ്ജറികൾ
താക്കോൽദ്വാര ശസ്ത്രക്രിയകൾ, കോസ്മെറ്റിക് സർജ്ജറികൾ
തുന്നലിടാത്ത തിമിര ശസ്ത്രക്രിയ ...

# സെന്റ് ജോൺസ് ഹോസ്പിറ്റൽ

കട്ടപ്പന Tel: 04868 272 230, 273230
Email: mail@stjohns.co.in www.stjohns.co.in

Printed and published by Brothers of St. John of God, St. John's Hospital, Kattappana South P.O.; Idukki Dt., Kerala.
Tel : 04868 272230, 273230, Fax: 273363, E-mail - mail@stjohns.co.in, www.stjohns.co.in
PRIVATE CIRCULATION ONLY